# കേരള സർവകലാശാല

നം. പി.ആർ.162/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം
## മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്-21-ന് കൂടി പ്രവേശനം നേടാം

2017-18 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 19.07.2017 ന് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതുവരെയും ഒരു കോളേജിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ അഡ്മിഷൻ ഫീസ് അടക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. ഇപ്രകാരം അഡ്മിഷൻ ഫീസ് അടച്ചവർ അഡ്മിഷൻ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്. മുൻ അലോട്ട്മെന്റുകൾ വഴി കോളേജുകളിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയ അപേക്ഷകർക്ക് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് റ്റി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ ഫീസ് വീണ്ടും അടക്കേണ്ടതില്ല.

## അലോട്ട്മെന്റ് മെമ്മോ

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ ഫീസ് അടച്ച വിവരം വെബ്സൈറ്റിൽ ചേർക്കുമ്പോൾ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർക്കും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്,കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ജൂലൈ 21-ാം തീയതി വരെയാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ് (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക). അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത

അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. പ്രവേശന തീയതി യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം ആ സീറ്റിൽ തൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 21.07.2017 വൈകുന്നേരം 5 മണിവരെ നീക്കം ചെയ്യാം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## ബി.എസ്‌സി ഇലക്ട്രോണിക്സ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ബി.എസ്‌സി ഇലക്ട്രോണിക്സ് (2013 സ്കീം റഗുലർ & സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.സി.എ (മെയ് 2017) പ്രാക്ടിക്കൽ പരീക്ഷയുടെ (2015 സ്കീം റഗുലർ, 2011 സ്കീം സപ്ലിമെന്ററി, 2006 സ്കീം മേഴ്സി ചാൻസ്) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം റഗുലർ & സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സ്: അഡ്മിഷൻ

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സി (2017–18) ലേക്കുള്ള അഡ്മിഷൻ ജൂലൈ 27–ന് രാവിലെ 10.00–ന് പാളയത്തുള്ള ഇംഗ്ലീഷ് പഠന വകുപ്പിൽ നടക്കും. മെമോ കാർഡ് ലഭിക്കാത്തവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ഓഫീസുമായി ജൂലൈ 25–നകം ബന്ധപ്പെടുക.

## ഇന്റർവ്യൂ

കേരള സർവകലാശാല യൂ.ഐ.ടി–കളിലേക്ക് കംപ്യൂട്ടർ സയൻസ് വിഷയത്തിൽ കോൺട്രക്ട് ലക്ചറർ തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂവിനുള്ള ജൂലൈ 24, 25, 26 തീയതികളിൽ രാവിലെ 10 മണിക്ക് നടക്കുന്നതാണ്. ഇന്റർവ്യൂ മെമ്മോ ലഭിച്ചവർ അന്നേ ദിവസം പാളയം, യൂണിവേഴ്സിറ്റി ആസ്ഥാനത്ത് ഹാജരാകേണ്ടതാണ്.

## കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് കോഴ്സ് ആപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് എന്ന ഹ്രസ്വ കാല സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള ആപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷിക്കാനുള്ള അവ

സാന തീയതി ആഗസ്റ്റ് 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## തീയതി നീട്ടി

കേരള സർവകലാശാലയുടെ കീഴിലുള്ള രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 31 വരെ നീട്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ ആഗസ്റ്റ് 11-നും. അഭിമുഖം ആഗസ്റ്റ് 30-നും, പ്രവേശനം സെപ്തംബർ 27-നും നടക്കും. ക്ലാസുകൾ ഒക്ടോബർ നാലിന് ആരംഭിക്കും.

## എം.ടെക് കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട തീയതി നീട്ടി

കേരള സർവകലാശാല 2017-18 അദ്ധ്യയന വർഷത്തിലേക്ക് കംപ്യൂട്ടർ സയൻസ് (ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗ് സ്പെഷ്യലൈസേഷനോട് കൂടിയത്) (കംപ്യൂട്ടർ സയൻസ് വിഭാഗം), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ സ്പെഷ്യലൈസേഷനോട് കൂടിയത്) (ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗം), ടെക്നോളജി മാനേജ്മെന്റ് (ഫ്യൂച്ചർ സ്റ്റഡീസ് വിഭാഗം) എന്നീ എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 21 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനും വെബ്സൈറ്റിൽ (www.keralauniversity.ac.in/news) എന്ന ലിങ്ക് സന്ദർശിക്കുക. ഗേറ്റ് സ്കോർ ഇല്ലാത്ത അപേക്ഷകർക്കായി സർവകലാശാല പ്രത്യേക പ്രവേശനപരീക്ഷ താഴെ പറയുന്ന തീയതികളിൽ നടത്തുന്നതാണ്. എം.ടെക് കംപ്യൂട്ടർ സയൻസ് - ആഗസ്റ്റ് രണ്ട്, എം.ടെക് ഒപ്റ്റോ ഇലക്ട്രോണിക്സ് - ആഗസ്റ്റ് മൂന്ന്, എം.ടെക് ടെക്നോളജി മാനേജ്മെന്റ് ആഗസ്റ്റ് നാല്.

## ബി.ടെക് ലാബ് പരീക്ഷ

കേരള സർവകലാശാലയുടെ കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് മാർച്ച്/ഏപ്രിൽ 2017 (2008 സ്കീം) ലാബ് പരീക്ഷ ജൂലൈ 25-ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ വച്ച് നടക്കുന്നതാണ്. പ്രസ്തുത ലാബ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും അന്നേ ദിവസം തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ വച്ച് നടത്തുന്ന ലാബ് വരീക്ഷയിൽ സംബന്ധിക്കേണ്ടതാണ്.
(എല്ല എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.എ.എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് ഏഴിന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) റഗുലർ സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
20.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**